DESPATCHED On.09/12/21



16/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.86(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2181/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കരിച്ചാറ ഹംസ,<br>അങ്ങേ മണക്കാട്ടിൽ വീട്,<br>കരിച്ചാറ, പള്ളിപ്പുറം പി. ഒ.,<br>തിരുവനന്തപുരം 695316 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പ്രിൻസിപ്പൽ,<br>മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ,<br>കണിയാപുരം, തിരുവനന്തപുരം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.01.2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 04.02.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 08.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.03.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 17.03.2021 |
| ഹിയറിംഗ് തീയതി | 10.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കരിച്ചാറ ഹംസ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വ്യക്തമായ മറുപടി ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 05.01.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, എന്നുമുതലാണ് കണിയാപുരം മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ആയി ചുമതല എടുത്തതെന്നും അതിന് തൊട്ടു മുൻപുളള വർഷങ്ങളിൽ ടി സ്കൂളിലെ പ്രിൻസിപ്പൽ ആരായിരുന്നുവെന്നും അദ്ദേഹം എന്നാണ് സർവ്വീസിൽ നിന്ന് വിരമിക്കുന്നതെന്നും എന്നു തുടങ്ങി 45 ഓളം മറ്റുമായുളള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 25.01.2021 ൽ എതിർകക്ഷി മറുപടി നൽകിയിട്ടുളളതായി കാണുന്നു. ആയത് തൃപ്തികരമല്ലെന്നാണ് കമ്മീഷൻ മുമ്പാകെ ടിയാൻ ബോധിപ്പിച്ചത്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 15.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടത് സ്കൂൾ പി.റ്റി.എ. യുമായി ബന്ധപ്പെട്ട താണ് ഭൂരിഭാഗം ചോദ്യങ്ങളും. ടിയാൻ 2011-12 അധ്യയന വർഷം മുതൽ 2018-19 അധ്യയന വർഷം വരെ തുടർച്ചയായി ടി സ്കൂളിന്റെ പി.റ്റി.എ. പ്രസിഡന്റായി സേവനമനുഷ്ഠിച്ച വ്യക്തിയാണ്. ടിയാൻ പി.റ്റി.എ. പ്രസിഡന്റായിരുന്ന കാലങ്ങളിൽ നിന്നും വ്യത്യസ്തമാണ്

അതിനുശേഷമുള്ള പി.റ്റി.എ. കമ്മറ്റിയുടെ പ്രവർത്തനങ്ങളും പി.റ്റി.എ രജിസ്റ്ററുകളുമെന്നും 2018 മുതൽ നാളിതുവരെ സ്കൂളിനായി ലഭിക്കുന്ന ഫണ്ടുകളും സംഭാവനകളും മറ്റും ഉപയോഗിച്ച് സ്കൂൾ വികസന പ്രവർത്തനങ്ങൾ പി.റ്റി.എ. കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുകയും വരവ് ചെലവ് കണക്കുകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി കമ്മറ്റിയിൽ അവതരിപ്പിച്ച് പാസാക്കുകയും കമ്മറ്റി മിനിട്സിൽ ഇവയെല്ലാം രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നുവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരമാണ് പി.റ്റി.എ. കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും മറ്റുമാണ്. സ്കൂൾ പി.റ്റി.എ. കൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ല എന്ന് C.P. 190(3)/2020/SIC എന്ന കേസിൽ ബഹു. കമ്മീഷണർ ശ്രീ. സോമനാഥൻ പിള്ള എസ്. പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 05.01.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 25.01.2021 ൽ മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ പൂർണ്ണമായും ഹർജികക്ഷിക്ക് വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുത്ത ഹർജിക്കാരൻ പ്രസ്താവിച്ചത് അനധികൃത പിരിവിനെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങളാണ് വ്യക്തമാക്കേണ്ടതെന്നാണ്. ഹിയറിംഗ് വേളയിൽ എതിർകക്ഷി മൊഴി നൽകിയത് സ്കൂളിലെ എല്ലാ ട്രാൻസാക്ഷനുകളും പി.റ്റി.എ. ചർച്ച ചെയ്താണ് തീരുമാനിക്കുന്നതെന്നും ഇപ്പോൾ ആഡിറ്റോറിയം, ലൈബ്രറി, ആഡിയോ വിഷ്വൽ റൂം, കുടിവെള്ള സംവിധാനം എല്ലാം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ നൽകുന്ന പി.റ്റി.എ

ഫണ്ട് 1000 രൂപ വീതം പിരിച്ചാണ് നടത്തി വരുന്നതെന്നും ആയതിന് രസീത് നൽകുന്നുവെന്നും കൂടാതെ ഹർജിക്കാരൻ ഹിയറിംഗിൽ പ്രവീൺ പി. (ഹ്യുമാനിറ്റീസ്) എന്ന വിദ്യാർത്ഥിയുടെ കൈയിൽ നിന്നും 1000/- രൂപ ലഭ്യമാക്കി എന്നു പ്രസ്താവിച്ച ക്യാഷ് റസീപ്റ്റിൽ NP എന്നു എഴുതി നൽകിയിട്ടുള്ളതാണ്. NP എന്നു എഴുതി നൽകിയത് not paid എന്നാണ് വ്യക്തമാക്കുന്നതെന്നുമാണ്. എതിർകക്ഷിയുടെ ഭാഗത്തു നിന്നും മനഃപൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ കാണുന്നില്ല. എതിർകക്ഷി നൽകിയ മൊഴിയുടേയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)